(3) 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, ഇത് ഐകകണ്ഠേന പാസാക്കാവുന്ന ഒരു ബില്ലാണ്. ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകത്തൊഴിലാളികൾക്ക് റിട്ടയർമെന്റിനു ശേഷമുള്ള ആനുകൂല്യങ്ങൾ നൽകാൻ ആവശ്യമായ പണം ഈ ക്ഷേമനിധി ബോർഡിന് പിരിച്ചെടുക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ആക്ടിൽ അത് ഉറപ്പു വരുത്തുക എന്നുള്ളതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 114 കോടി രൂപയാണ് കുടിശ്ശിക തീർക്കാൻ സർക്കാർ ഗ്രാന്റായി കൊടുത്തത്. സർക്കാരിന്റെ ഒരു വിഹിതം ഉറപ്പു വരുത്തുന്നതും ഭൂ ഉടമകളിൽനിന്നും അംശദായം അൽപം മാറ്റം വരുത്തുന്നതുമായ ഒരു ഭേദഗതിയാണ് ഇതിൽ ഉദ്ദേശിക്കുന്നത്. ഇത് കേരളത്തിലെ 20 ലക്ഷത്തോളം കർഷകത്തൊഴിലാളികൾക്ക് അവരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ ഉറപ്പു വരുത്തും. അതുകൊണ്ട് സഭ ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. ബി. ഡി. ദേവസ്സി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളായിട്ടുള്ളവർക്ക് അവരുടെ അധിവർഷാനുകൂല്യം മരണാനന്തര സഹായം, വിവാഹ ധനസഹായം, ചികിൽസാ സഹായം തുടങ്ങിയ കാര്യങ്ങളിൽ വളരെയേറെ കുടിശ്ശികയാണ്. ഈ ക്ഷേമനിധി വളരെ ദുർബലമായ സാഹചര്യത്തിലാണ് ഇപ്പോൾ സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതിന് ഞാൻ സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ക്ഷേമനിധിയുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഭൂ ഉടമാ വിഹിതം വർദ്ധിപ്പിക്കാനും അതുപോലെ ഇതിൽ അംഗങ്ങളായിട്ടുള്ളവരുടെ

3. 00. P.M.] അംശാദായത്തിനു തുല്യമായ സംഖ്യയ്ക്കുള്ള ഗ്രാന്റ് കൊടുക്കാനുമാണ് സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളവർക്ക് പന്ത്രണ്ടും പതിനഞ്ചും വർഷങ്ങളായി ആനുകൂല്യങ്ങൾ കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ഉദാഹരണത്തിന് വിവാഹ ധനസഹായത്തിന് അപേക്ഷിച്ചാൽ വിവാഹം കഴിഞ്ഞ കുട്ടിയുടെ കുട്ടി സ്കൂളിൽ പോകുന്ന ഒരു ഘട്ടത്തിൽപോലും കിട്ടാത്ത അവസ്ഥയാണ്. മരണാനന്തര സഹായമായാലും അത് തന്നെയാണ് അവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

അധിവർഷാനുകൂല്യവും വളരെക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നു. ആ സാഹചര്യത്തിലാണ് ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 114,90,00,000 രൂപ ഈ ക്ഷേമനിധിയിലേക്ക് ഗ്രാന്റായി നൽകുന്നത്. അതിന്റെ ഭാഗമായി കുറേ സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും കുടിശ്ശിക നിലനിൽക്കുകയാണ്. ഇതിനു മുൻപ് ഈ ഗവൺമെന്റ് തന്നെ എട്ട് കോടി രൂപ സഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ ആനുകൂല്യങ്ങൾ തുലോം അപര്യാപ്തമാണ്. ആ സംഖ്യ തന്നെ കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായിരുന്നത്. ആദ്യം ഇതിൽ അംഗങ്ങളായിട്ടുള്ള കർഷകത്തൊഴിലാളികളുടെ അംശാദായം രണ്ട് രൂപയായിരുന്നു. അത് പിന്നീട് അഞ്ച് രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഭൂ ഉടമയുടെ വിഹിതം വർദ്ധിപ്പിക്കുന്ന ഒരു സ്ഥിതിയുണ്ടായില്ല. നമ്മുടെ സംസ്ഥാനത്ത് ഭൂ ഉടമാ വിഹിതം അടയ്ക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്ന അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. ഭൂമിയുടെ വിഭജനം, ഭൂമി ചരിന്ന ഭിന്നമാക്കൽ ഇതിന്റെയൊക്കെ ഭാഗമായി ഭൂ ഉടമാ വിഹിതം അടയ്ക്കാൻ അർഹതപ്പെട്ടവരുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യമാണ്. അതുപോലെ രൂപയുടെ മൂല്യം കുറഞ്ഞ് വന്നിട്ടുണ്ട്. എന്നാൽ ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന്റെ തോതനുസരിച്ച് സംഖ്യ വർദ്ധിക്കാത്ത ഒരു സാഹചര്യത്തിലാണ് ഭൂ ഉടമാ വിഹിതം വർദ്ധിപ്പിക്കാനും സർക്കാരിന്റെ ഗ്രാന്റ് തത്തുല്യമായി കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. കർഷകത്തൊഴിലാളികൾ രണ്ട് രൂപ അംശദായം അടച്ചു വരുന്ന സാഹചര്യത്തിൽ അധിവർഷാനുകൂല്യം ഇരുപത്തയ്യായിരം രൂപയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ അഞ്ച് രൂപപോലും വർദ്ധിപ്പിച്ചിട്ടില്ല. ഈ പ്രത്യേക സാഹചര്യത്തിൽ കർഷക തൊഴിലാളി സംഘടനകൾ സംഖ്യ അംശാദായം അടയ്ക്കുന്നത് പത്ത് രൂപയാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. അതിന്റെ കാരണം ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ വേണ്ടത്ര ആകർഷകമല്ലെന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് അത് വർദ്ധിപ്പിച്ചും തൊഴിലാളികളുടെ അംശാദായം വർദ്ധിപ്പിച്ചും തത്തുല്യമായ ഗ്രാന്റ് കൊടുത്തും ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ ഭാഗമായി ഇന്ന് നൽകുന്ന അധിവർഷാനുകൂല്യം ഇരുപത്തയ്യായിരം എന്നുള്ളത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. അതുപോലെ വിവാഹ ധനസഹായം മരണാനന്തര സഹായം തുടങ്ങിയവ അയ്യായിരം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള ഒരു ഭേദഗതി ഇതിൽ കൊണ്ടുവരണമെന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൽ പുരോഗതിയുണ്ടാക്കാൻ വേണ്ടിയുള്ള ഒട്ടേറെ നിയമനിർമ്മാണങ്ങളും നടപടികളും ഉണ്ടായിട്ടുള്ളത് കേരളത്തിലാണ്. 1980-ലാണ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊണ്ടുവന്നത്. പെൻഷന്റെ കാര്യത്തിൽതന്നെ സർക്കാർ ജീവനക്കാർക്കും മറ്റുള്ളവർക്കും കൊടുക്കുന്നതുപോലെ കർഷകത്തൊഴിലാളികൾക്കും കൃത്യമായി പെൻഷൻ കൊടുക്കുന്ന അവസ്ഥ ഉണ്ടായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 24 മാസത്തെ പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയായിരുന്നു. ആ പെൻഷൻ കുടിശ്ശിക തീർത്തുകൊടുത്ത് 120 രൂപയായിരുന്നത് 300 രൂപ ആക്കിയിട്ടുണ്ട്. മറ്റെല്ലാ പെൻഷനുകളും ക്ഷേമനിധിയിൽനിന്ന് കൊടുക്കുമ്പോൾ കർഷകത്തൊഴിലാളി പെൻഷൻ സർക്കാർ ഖജനാവിൽനിന്നാണ് കൊടുക്കുന്നത്. അതുകൊണ്ട് ഈ പെൻഷൻ കൃത്യമായി കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. പലപ്പോഴും ഗവൺമെന്റുകൾ മാറിവരുമ്പോൾ ഈ പെൻഷൻ കൊടുക്കാത്ത ഒരവസ്ഥ നിലനിൽക്കുന്നുവെന്നുള്ളതുകൊണ്ട് കർഷകത്തൊഴിലാളി പെൻഷൻ കൃത്യമായി കൊടുക്കുന്നുവെന്നുള്ളതിന് ഉറപ്പുണ്ടാക്കേണ്ടതുണ്ട്.

<u>ശ്രീ. പള്ളിപ്രം ബാലൻ</u> : കർഷകത്തൊഴിലാളിക്ക് പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. മറ്റേത് പെൻഷന്റെ കാര്യത്തിലും അങ്ങനെ വരുമാന പരിധിയില്ല. അതുകൊണ്ട് കർഷകത്തൊഴിലാളി പെൻഷന് നിശ്ചയിച്ച വരുമാന പരിധി എടുത്തു കളയണമെന്നാണ് സംഘടനകളുടെ ആവശ്യം. അത് ബഹുമാനപ്പെട്ട മെമ്പർ അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. ബി.ഡി. ദേവസ്സി</u> : മറ്റെല്ലാ പെൻഷനുകളും സേവനങ്ങളുടെ അടിസ്ഥാനത്തിലാണ്. ജീവിതകാലം മുഴുവൻ പണിയെടുക്കുന്ന, ആ സേവനത്തിന്റെ ഭാഗമായി അവർ ചെയ്യുന്ന തൊഴിലിനുള്ള ഒരംഗീകാരം എന്ന നിലയിൽ എല്ലാ കർഷകത്തൊഴിലാളികൾക്കും പെൻഷൻ കൊടുക്കേണ്ടത് ആവശ്യമാണ്. അതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവരേണ്ടതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u> : കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയിൽ കൃഷിക്കാരുടെ വിഹിതം വരുന്നുണ്ട്. ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു വാർത്ത വന്നിരിക്കുന്നത് തെങ്ങ്, കവുങ്ങ് എന്നിവ കാർഷിക വിളയല്ലെന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ റിസർച്ച് പ്രകാരം തെങ്ങും കവുങ്ങും തോട്ട വിളയിലേയ്ക്ക് മാറുകയാണ്. 35 ലക്ഷം കുടുംബങ്ങൾ കേരളത്തിൽ നാളികേര കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നുണ്ട്. അതുകൊണ്ട് ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനത്തിന്റെ വലിയൊരു ഇടിവ് കൃഷിക്കാരുടെ ഭാഗത്തു നിന്നുണ്ടാകുന്നത് ഈ ക്ഷേമനിധിയെ ദോഷകരമായി ബാധിക്കാൻ ഇടയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ബി.ഡി. ദേവസ്സി</u> : കൃഷിക്കാരും കർഷകത്തൊഴിലാളികളും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. കൃഷിക്കാർ തകർന്നാൽ സ്വാഭാവികമായി കർഷകത്തൊഴിലാളിയെ അത് ബാധിക്കും. അതുകൊണ്ട് കാർഷിക മേഖലയിലെ എല്ലാ പ്രതിസന്ധികളും കർഷകത്തൊഴിലാളികളേയും ബാധിക്കുന്ന കാര്യമാണ്. അതോടൊപ്പംതന്നെ എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, പെൻഷൻ, ക്ഷേമനിധി തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതുപോലെതന്നെ ഈ ക്ഷേമനിധിയെ നിലനിർത്തുന്ന കാര്യത്തിലും പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യത്തിലും ആവശ്യമായ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ വയ്ക്കണമെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും അടിസ്ഥാന വിഭാഗമായ കർഷകത്തൊഴിലാളികളുടെ അത്താണിയായ ക്ഷേമനിധി കൂടുതൽ ഫലപ്രദമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കാനും അതുപോലെ ക്ഷേമനിധിയിലെ അംഗങ്ങൾക്ക് അംശദായത്തിന് തുല്യമായ ഗ്രാന്റ് കൊടുക്കാനും തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. അതോടൊപ്പംതന്നെ തൊഴിലാളികളുടെ അംശദായം അല്പം വർദ്ധിപ്പിച്ചായാലും വേണ്ടില്ല. ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. രാജൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർ, 1990-ലാണ് ഈ ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. 20 വർഷങ്ങൾക്കുശേഷമാണ് ഈ ഗവൺമെന്റ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അന്നുമുതൽ കർഷകത്തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമായിരുന്നു ഇത്. ഈ ക്ഷേമനിധിയിലേയ്ക്ക് ഫണ്ട് സമാഹരിക്കുകയെന്നുള്ളതാണ് പ്രധാനപ്പെട്ട ലക്ഷ്യം. കഴിഞ്ഞ കാലങ്ങളിൽ ഈ ക്ഷേമനിധി ബോർഡിന്റെ ഫണ്ട് എന്നുപറയുന്നത്. കർഷകത്തൊഴിലാളികളുടെ അംശദായമായ രണ്ടു രൂപയും വളരെ നാമമാത്രമായി പിരിക്കുന്ന ഭൂവുടമാ വിഹിതവുമായിരുന്നു. 20 വർഷമാകുമ്പോൾ ഏതാണ്ട് ഒന്നേകാൽ ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുവാൻ 120 കോടി രൂപ ഈ ബോർഡിന് ബാധ്യതയായി വന്നു. ഈ ബാധ്യത വന്നപ്പോഴാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ രണ്ട് മാസങ്ങൾക്കുമുമ്പ് നൂറ്റിപ്പതിനാലരക്കോടി രൂപയാതൊരു ഉപാധിയുമില്ലാതെ ഗ്രാന്റായി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി ഈ ബോർഡിന് കൊടുത്തത്. ഈ ഭേദഗതികൂടി വരുമ്പോൾ നമുക്ക് ഭൂവുടമാ വിഹിതം വളരെക്കൂടുതൽ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ കഴിഞ്ഞ 20 വർഷക്കാലമായിട്ടും ഭൂവുടമാ വിഹിതം നാമമാത്രമാണെങ്കിൽപ്പോലും വില്ലേജ് ഓഫീസർമാർ കരമടയ്ക്കാൻ വരുന്ന ഭൂവുടമകളുടെ കയ്യിൽനിന്നും ഈ ടാക്സ് പിരിച്ചെടുക്കുന്നതിന് അലംഭാവം കാണിച്ചിട്ടുണ്ട്. എന്നാൽ അതിന് അല്പമെങ്കിലും പരിഹാരമുണ്ടാകത്തക്ക വിധത്തിൽ 1996-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിക്കുമ്പോഴാണ് ഭൂവുടമാ വിഹിതം അല്പമെങ്കിലും പിരിച്ചു തുടങ്ങിയത്. എന്നിട്ട് അതും മന്ദഗതിയിലായി. ഇപ്പോഴും ആ തരത്തിൽ നിൽക്കുന്നു. ഇനി വർദ്ധിച്ചുവരുന്ന ഈ തുകയും കർഷകത്തൊഴിലാളികളുടെ അംശദായം കഴിഞ്ഞ രണ്ടുവർഷങ്ങൾക്കു മുമ്പ് ഈ സഭ ഭേദഗതി ചെയ്ത് രണ്ടുരൂപയിൽനിന്ന് അഞ്ചുരൂപയാക്കിയത് പത്തുരൂപയാക്കണമെന്നും കർഷകത്തൊഴിലാളികൾ ആവശ്യപ്പെട്ടിരുന്നു. ഇത് രണ്ടുംകൂടി വന്നാൽപ്പോലും പതിനെട്ട് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ വെൽഫെയർ മെഷേഴ്സ് എല്ലാം കൊടുത്തു തീർക്കാൻ കഴിയില്ല. അതുകൊണ്ട് കർഷകത്തൊഴിലാളി സംഘടനകളും കർഷകത്തൊഴിലാളികളും ഒരാവശ്യം ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി അതിന് മറുപടിയും പറഞ്ഞിട്ടുള്ളതാണ്. കൃഷിയും കർഷകത്തൊഴിലാളികളുമൊക്കെ മണ്ണിന്റെ ഭാഗമാണ്. ഭൂമി രജിസ്ട്രേഷൻ ചെയ്യുമ്പോൾ അതിൽ ഒരു സെസ്സ്, ഒരു പെർസന്റോ രണ്ടു പെർസന്റോ കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് മാറ്റുക. കെട്ടിടങ്ങളുടെ പണി നടക്കുമ്പോൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒരംശം അടയ്ക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ഒക്കെ നിർമ്മാണ രംഗത്ത് ചെറിയൊരു വിഹിതം നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കുന്നുണ്ട്. അതുകൊണ്ടാണ് കേരളത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധി ബോർഡായി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മാറുന്നത്. നമുക്കറിയാം ഭൂമി രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് ഏക്കർ കണക്കിന് ഭൂമി ആരുടെ കയ്യിലുമില്ല. ഇപ്പോൾ ഭൂമാഫിയകൾ നമ്മുടെ നാട്ടിലേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. ഭൂമിയുടെ വില ക്രമാതീതമായി ഉയർന്നുകഴിഞ്ഞിരിക്കുകയാണ്. അപ്പോൾ ഭൂമിയുടെ ക്രയവിക്രയം നടക്കുമ്പോൾ ചെറിയൊരു ഭാഗം - അര ശതമാനമായാൽത്തന്നെ കോടിക്കണക്കിന് രൂപയാകും. തീർച്ചയായും തൊഴിലാളി അടയ്ക്കുന്ന അംശദായത്തിന് തുല്യമായ തുക എന്നു പറഞ്ഞാൽ, ഇനി വസ്തു രജിസ്ട്രേഷൻ നടത്തുമ്പോൾ ഈ ക്ഷേമനിധിയുടെ ഭൂവുടമ ഭാഗമായി, ഗവൺമെന്റിന്റെ സെസ്സുംകൂടി വരുമ്പോൾ തീർച്ചയായും ഒരു വലിയ ക്ഷേമനിധി ബോർഡായി പത്തിരുപത് ലക്ഷം അംഗങ്ങളുള്ള അടിസ്ഥാന വിഭാഗങ്ങളുടെ ഈ ക്ഷേമനിധി ബോർഡിനെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റ് ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഈ സെസ്സ് ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോട് പൊതുവിൽ യോജിക്കുന്നു. കേരളത്തിൽ ഏറ്റവും വലിയ ക്ഷേമനിധി ബോർഡുകളിലൊന്നാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 20 ലക്ഷത്തോളം തൊഴിലാളികൾ ഇതിൽ അംഗങ്ങളാണ്. ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്ന കർഷകത്തൊഴിലാളികളിൽ പെൻഷന് അർഹരായിട്ടുള്ളത് ഏകദേശം ആറ് ലക്ഷത്തോളം ആളുകളാണ്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് പ്രതിമാസ പെൻഷൻ 120 രൂപയായിരുന്നു. പ്രതിമാസം 120 രൂപ പ്രകാരമുള്ള പെൻഷൻ 24 മാസത്തെ കുടിശ്ശികയായിരുന്നു. ഇപ്പോൾ പെൻഷൻ തുക 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനകം 840 കോടി രൂപ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ വിതരണം ചെയ്യാൻ സംസ്ഥാന സർക്കാർ 114.9 കോടി രൂപയാണ് സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചത്. അതിനുപുറമേ 2007-08-ൽ മൂന്നുകോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപയും 2008-09-ൽ അഞ്ചുകോടി രൂപയും കൊടുത്തിട്ടുണ്ട്. ഇപ്പോൾ കുടിശ്ശിക ഇല്ലാത്ത ഒരു സ്ഥിതി നിലവിൽ വന്നിട്ടുണ്ട്. ഇതിനുപുറമെ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ആനുകൂല്യങ്ങൾക്കായി റിട്ടയർമെന്റിന് ശേഷവും തൊഴിലാളികൾ വർഷങ്ങളായി കാത്തിരിക്കുന്ന അവസ്ഥയുണ്ടായിരുന്നു. ഇതെല്ലാം പരിശോധിച്ചുകൊണ്ടാണ് ക്ഷേമനിധി ബോർഡിന്റെ കോർപ്പസ് അല്പം ഉയർത്തുന്നതും വിഹിതത്തിൽ ഒരു മാറ്റം വരുത്തുന്നതും. തൊഴിലാളികൾ നൽകുന്ന അംശദായത്തിന്റെ തത്തുല്യമായ തുക സർക്കാർ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനും ഒരു ഭേദഗതി കൊണ്ടുവരുന്നുണ്ട്. ഇത് കേരളത്തിലെ 20 ലക്ഷത്തിലധികം വരുന്ന കർഷകത്തൊഴിലാളികൾക്ക് ഏറ്റവും വലിയ ആനുകൂല്യങ്ങൾ നൽകുന്ന ഒരു നടപടിയായിരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച വികാരം ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ ഈ നിയമനിർമ്മാണം നടത്തുന്നത്. സഭ ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. ബി. ഡി. ദേവസ്സി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബി.ഡി. ദേവസ്സി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി.സ്പീക്കർ : ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.എൻ. രാജൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. രാജൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ.എൻ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(121). In section 9(4) proposed to be inserted in the principal Act by clause 2(ii) after the words "agricultural workers" add the words "and land owners".

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

(ഭേദഗതിയില്ല).

മി. സ്പീക്കർ : 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല).

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

2010-ലെ സമ്മേളനം അവസാനിക്കുകയാണ്. ഇനി അടുത്ത വർഷം നമുക്ക് കണ്ടുമുട്ടാം. എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട് സഭ ഇപ്പോൾ പിരിയുന്നതും 3-1-2011-ന് 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ജനുവരി മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.12-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly